പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.317 — 08.06.2015 ൽ മറുപടിയ്ക്ക്

## ഒറ്റപ്പാലം ഫിലിം സിറ്റി നിർമ്മാണ പുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.ഹംസ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും, സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി |
| (എ) ഒറ്റപ്പാലത്ത് ഫിലിംസിറ്റി നിർമ്മാണത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഏതെല്ലാം ധനകാര്യ വകുപ്പ് മന്ത്രിമാരാണ് പ്രഖ്യാപനങ്ങൾ നടത്തിയത്; ഓരോ ധനമന്ത്രിയും എത്ര തുക വീതമാണ് നീക്കി വെച്ചത്; | (ബി) മുൻ ധന മന്ത്രി ശ്രീ. തോമസ് ഐസക്ക് 2011-12 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2012-13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഒരു കോടി രൂപ ധനകാര്യ മന്ത്രി ശ്രീ. കെ.എം.മാണി വകയിരുത്തി. |
| (സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക കെ.എസ്.എഫ്.ഡി.സി.യ്ക്ക് കൈമാറുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കുമോ; | (സി) ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പ്രഖ്യാപിച്ച സമയത്ത് തുക കൈമാറുന്നതിന് സാധിച്ചില്ല. തുടർന്ന് ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള 3 ഏക്കർ 3 സെന്റ് ഭൂമി റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കി ഫിലിംസിറ്റി നിർമ്മാണത്തിനായി<br>കെ.എസ്.എഫ്.ഡി.സി.യ്ക്ക് നൽകി 4.7.2014 ൽ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പുതുക്കിയ പ്രോജക്ട് പ്രൊപ്പോസൽ ഗവൺമെന്റിന് സമർപ്പിയ്ക്കുവാൻ കെ.എസ്.എഫ്.ഡി.സി.യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) ഫിലിം സിറ്റി നിർമ്മാണത്തിന് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയുടെ സ്ഥലം അനുവദിക്കുന്നതിന് മന്ത്രിസഭാ തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉണ്ടായിട്ടുള്ളത്; | (ഡി) ഉണ്ട്. 18.6.2014 ലെ മന്ത്രിസഭാ യോഗത്തിൽ |

| | | | |
|---|---|---|---|
| (ഇ) | കെ.എസ്.എഫ്.ഡി.സി.യ്ക്ക് സ്ഥലം കൈമാറ്റം ചെയ്യുന്നതിനായുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയോ; | (ഇ) | റവന്യൂ വകുപ്പിൽ നിന്നും പാട്ട വ്യവസ്ഥയിൽ കെ.എസ്.എഫ്.ഡി. സി.യ്ക്ക് അനുവദിച്ച ഭൂമി കൈമാറ്റത്തിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | ഫിലിം സിറ്റി നിർമ്മാണത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത്; ഒറ്റപ്പാലം ഫിലിംസിറ്റിയ്ക്കായി മുഖ്യമന്ത്രി മുൻകൈ എടുത്ത എത്ര യോഗങ്ങൾ നടത്തി; സിനിമാ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാർ എത്ര യോഗങ്ങൾ നടത്തി; യോഗതീരുമാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; എം.എൽ.എ.യുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും നീക്കിവെച്ച തുക കെ.എസ്.എഫ്.ഡി.സി.യ്ക്ക് കൈമാറുന്നതിനായുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ? | (എഫ്) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.12.12, 13.6.13 തീയതികളിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ ഫിലിം സിറ്റി നിർമ്മാണം തത്വത്തിൽ അംഗീകരിച്ചു. സിനിമാ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26.2.14, 9.7.14, 3.6.2015 ലും യോഗം ചേർന്നു. യോഗ തീരുമാനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. എം.എൽ.എ.യുടെ ഫണ്ടിൽ നിന്നും ഫിലിംസിറ്റി സ്ഥാപിക്കുന്നതിന് അനുവദിച്ച തുക കെ.എസ്.എഫ്.ഡി.സി.യ്ക്ക് കൈമാറുന്നതിന് വിശദമായ പ്രോജക്ട് ലഭ്യമാക്കാൻ 3.6.15 ൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## ...iutes of the Meeting to discuss the proposal of the establishment of a ...ilm City at Ottappalam in Palakkad District at 4 pm on 14.2.2012 in the Chief Minister's Conference Hall, Government Secretariat, North Block, Thiruvananthapuram.

List of Participants

1. Sri. M. Hamsa. M.L.A, Ottappalam.
2. Sri. Sajen Peter, Principal Secretary, CAD.
3. V.J. Kurian, Principal Secretary, Irrigation Department.
4. Dr. B. Ashok IAS, Managing Director, KSFDC.
5. Sri. E.K. Prakash, Special Secretary, Finance Department.
6. Smt. B.S. Pavana Kumari, Joint Secretary, Cultural Affairs Dept.
7. Sri. Sabu Cherian, Chairman, KSFDC.
8. Sri. Satya Kumar. S. A.O., KSFDC
9. Sri. Manoharan Kaduvangal, Under Secretary, CAD.
10. Sri. T.R. Lalan, KSFDC
11. Sri. Sree Kumar. KSFDC
12. Sri. N. Harikumar, Studio Manager in, KSFDC.

The meeting commenced at 4.30 pm with Hon'ble Chief Minister in the Chair. In his introductory address, the Hon'ble Chief Minister while supporting the project of setting up a Film City at Ottappalam, enquired about the availability of land for the proposed Film City to be set up in Ottappalam. The Principal Secretary, Irrigation Department gave the details of the land available with Irrigation Department at Ottappalam and offered to transfer four acres of land for the proposed project. The Hon'ble Chief Minister accepted this suggestion and the Chairman, Kerala State Film Development Corporation also agreed that the extent offered by the Irrigation Department would suffice their requirement Chief Minister made it clear that the transfer of land by Irrigation Department for setting up of Film City at Ottappalam as agreed to in

157

the meeting will be subject to payment of nominal government lease or value fixed by District Collector if the proposed project is conceived as a Public Private Partnership. The meeting arrived at a consensus on approving the project in principle. A Detailed Project Report of will be got prepared early.

The meeting concluded at 4.50 pm.

257

**ഒറ്റപ്പാലം ഫിലിം സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജൂൺ മാസം 13 ാം തീയതി ഉച്ചയ്ക്ക് 3.30 മണിക്ക് മുഖ്യമന്ത്രിയുടെ അസംബ്ലി ചേംബറിൽ വച്ച് കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.**

യോഗം 3.45 ന് ആരംഭിച്ചു. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഒറ്റപ്പാലം ഫിലിം സിറ്റി സ്ഥാപിക്കുന്ന വിഷയം ചർച്ച ചെയ്തു. ബഹു. എം.എൽ.എ. ശ്രീ.എം.ഹംസ, റവന്യൂ/സാംസ്കാരിക വകുപ്പ് സെക്രട്ടറിമാർ, കെ.എസ്.എഫ്.ഡി.സി. എം.ഡി, ജലവിഭവ വകുപ്പ്, റവന്യൂ വകുപ്പ്, പാലക്കാട് കളക്ട്രേറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു:

(1) ഭൂമി ലഭ്യമാക്കുന്നതിനായി എത്രയും വേഗം അനന്തര നടപടി സ്വീകരിക്കുവാൻ റവന്യൂ വകുപ്പ് സെക്രട്ടറിയോട് ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

(2) ജലവിഭവ വകുപ്പ് സെക്രട്ടറി റവന്യൂ വകുപ്പ് സെക്രട്ടറിയ്ക്ക് ഭൂമി അനുവദിക്കുവാനുള്ള എൻ.ഒ.സി. നൽകുന്നതാണെന്ന് അറിയിച്ചു.

(3) കെ.എസ്.എഫ്.ഡി.സി., മാനേജിംഗ് ഡയറക്ടർ ജലവിഭവ വകുപ്പിനും റവന്യൂ വകുപ്പിനും ഒറ്റപ്പാലം ഫിലിം സിറ്റി സ്ഥാപിക്കുന്ന ആവശ്യം ത്വരിതപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതാണ്.

യോഗം 4 മണിക്ക് അവസാനിച്ചു.

**പാലക്കാട് ഒറ്റപ്പാലം ഫിലിം സിറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9.7.14 ന് നടന്നയോഗത്തിന്റെ നടപടിക്കുറിപ്പുകൾ**

ബഹു വനം, ഗതാഗതം, കായികവും സിനിമയും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷത യിൽ നിയമസഭാമന്ദിരത്തിലെ അദ്ദേഹത്തിന്റെ മുറിയിൽ ചേർന്ന യോഗ ത്തിൽ ബഹു.എം.എൽ.എ. ശ്രീ.എം.ഹംസയും കെ.എസ്.എഫ്.ഡി.സി. മാനേജിംഗ് ഡയറക്ടറും റവന്യൂ/ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.

പാലക്കാട് ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കി റവന്യൂ വകുപ്പിൽ നിന്നും ഉത്തരവായ സാഹചര്യത്തിൽ ആയത് കെ.എസ്.എഫ്.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ചിത്രാഞ്ജലി സ്റ്റുഡിയോ മാതൃകയിൽ നിർമ്മിക്കുന്നതിന്റെ അടുത്തഘട്ട നടപടികൾ തീരുമാനിക്കാനാണ് യോഗം വിളിച്ചതെന്ന് ബഹു. മന്ത്രി അറിയിച്ചു. പാലക്കാടിന്റെ വിശിഷ്യാ ഒറ്റപ്പാലത്തിന്റെ ഉദാത്തമായ പൈതൃകവും സംസ്കാരവും സംരക്ഷിക്കത്തക്കവിധം കേരളത്തിന്റെ പാരമ്പര്യ വാസ്തു ശാസ്ത്രപ്രകാരമുള്ള നിർമ്മാണമാണ് വിഭാവനം ചെയ്യേണ്ടതെന്ന് ചർച്ചയിൽ തീരുമാനിച്ചു.

ഒറ്റപ്പാലം ഫിലിംസിറ്റി യാഥാർത്ഥ്യമാകുന്നതോടൊപ്പം ചുറ്റുപ്രദേശങ്ങളിലുള്ള സാംസ്കാരിക / ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങൾ കൂടി ഉപയോഗപ്പെടുത്തേണ്ടതാ ണെന്ന് ബഹു. എം.എൽ.എ. അഭിപ്രായപ്പെട്ടു. ആയത് ടൂറിസം സർക്യൂട്ടിലുൾപ്പെടു ത്തുവാനുള്ള ശ്രമം നടത്താവുന്നതാണെന്ന് തീരുമാനിച്ചു.

വിശദമായ ചർച്ചകൾക്കുശേഷം ഇക്കാര്യത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

ഒറ്റപ്പാലത്ത് ഫിലിംസിറ്റി സ്ഥാപിക്കുന്നതിന് ബജറ്റിൽ മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച 1.5 കോടി രൂപയോടൊപ്പം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമുള്ള 3 കോടി രൂപയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

നിർമ്മാണം കേരളത്തിന്റെ പൈതൃക സംസ്കാരം ഉൾക്കൊണ്ട് വിഭാവനം ചെയ്യേണ്ടതാണ്.

ഫിലിംസിറ്റി രൂപകല്പന ചെയ്യുവാനുള്ള നടപടികൾക്ക് നേതൃത്വം നൽകുന്നതിന് എം.എൽ.എ. അദ്ധ്യക്ഷനായും കെ.എസ്.എഫ്.ഡി.സി. ചെയർമാൻ, മാനേജിംഗ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായും വിപുലമായ കമ്മിറ്റിയും ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുവാൻ തീരുമാനിച്ചു.

യോഗം 1.30 ന് അവസാനിച്ചു.